DESPATCHED
On. 23-06-20

31/1/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic. ker@nic.in

**ഹർജി നമ്പർ AP.No.2917(5)/18/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.14587/SIC-G7/2018**

**സന്നിഹിത**

**ശ്രീമതി ശ്രീലത പി.ആർ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

Shri. Aby Abraham Eapen,
(DDA Rtd),
Karudamannil,
Oonnakkavu P.O, Ranny,
Pathanamthitta – 689 674.
} Appellant

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
അടൂർ, പത്തനംതിട്ട.

അപ്പീൽ അധികാരി,
പ്രിൻസിപ്പൽ കൃഷി ഓഫീസ്, പത്തനംതിട്ട.
} എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 21.07.2018 |
| ഒന്നാം എതിർകക്ഷിയുടെ മറുപടി | 03.08.2018 |
| ഒന്നാം അപ്പീൽ | 27.08.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 11.10.2018 |
| രണ്ടാം അപ്പീൽ | 10.12.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 07.11.2018, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, പത്തനംതിട്ട |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും ഒന്നാം എതിർകക്ഷിയുടെ മൊഴിയും അപ്പീൽഹർജിക്കാരന്റെ മൊഴിയും വിശദമായി പരിശോധിച്ചു. അപ്പീൽഹർജിക്കാരൻ 25.07.2018 ന് ലഭിച്ച വിവരാവകാശ അപേക്ഷയ്ക്ക് 03.08.2018 ന് നൽകിയ മറുപടിയിൽ അപേക്ഷയിൽ കോർട്ട് ഫീ സ്റ്റാമ്പ്/ട്രഷറി ചെലാൻ ഇവ ഒന്നും ഇല്ലാത്തതിനാൽ അപേക്ഷ നിരസിക്കുകയാണ് ഉണ്ടായത്. എന്നാൽ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ റിപ്പോർട്ടിൽ 03.08.2018 ൽ നൽകിയിട്ടുള്ളതായി കാണിച്ചിട്ടുള്ള മറുപടിയിൽ പറയുന്നത് അപേക്ഷകന്റെ അപേക്ഷ പൂർണമായും വായിച്ച് മനസ്സിലാക്കാൻ കഴിയുന്നില്ല എന്നും അവ്യക്തമായ കൈപ്പടയിൽ ആയതിനാൽ വ്യക്തമായ കൈപ്പടിയിൽ പുനർസമർപ്പിക്കണമെന്നുമാണ്.
2. അപ്പീൽഹർജിക്കാരന്റെ 23.07.2018 ലെ അപേക്ഷ നിരസിച്ചെങ്കിലും കമ്മീഷന്റെ നേർവിചാരണയിൽ എതിർകക്ഷി സമർപ്പിച്ച ഫയലിൽ നിന്നും 25.07.2018 ന് വീണ്ടും കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് മറ്റൊരു അപേക്ഷ നൽകിയിട്ടുള്ളതായി കമ്മീഷന് ബോദ്ധ്യപ്പെട്ടു.

3. തുടർന്ന് യാതൊരു വിവരവും ലഭ്യമാകാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിക്കുകയും ഉണ്ടായി. അപ്പീൽ അധികാരിയ്ക്ക് അപ്പീൽ ലഭിക്കുമ്പോൾ, എസ്.പി.ഐ.ഒ യോട് റിപ്പോർട്ട് ആവശ്യപ്പെടുകയും അത്തരത്തിൽ ലഭ്യമാകുന്ന റിപ്പോർട്ട് അപ്പീൽ അധികാരി അപ്പീൽഹർജിക്കാരന് അയയ്ക്കുകയാണ് ചെയ്യുന്നത്.

4. അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമ വകുപ്പ് 6(1) പ്രകാരം സമർപ്പിച്ച അപേ ക്ഷയ്ക്ക് 06.08.2018 ൽ മറുപടി നൽകി എന്ന് ഒന്നാം എതിർകക്ഷി വാദിക്കുന്നുണ്ട് എങ്കിലും പ്രസ്തുത മറുപടി ടിയാന് ലഭ്യമായിട്ടില്ല. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് വിവരം ലഭ്യമല്ലാത്ത സാഹചര്യത്തിലാണ് ടിയാൻ ഒന്നാം അപ്പീൽ സമർപ്പി ച്ചിട്ടുള്ളത്. വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം ലഭ്യമായ അപേക്ഷയ്ക്ക് അതേ നിയമം വകുപ്പ് 7(1) പ്രകാരം 30 ദിവസത്തിനുള്ളിൽ മറുപടി നൽകണമെന്നിരിക്കെ സമയ ബന്ധിതമായി മറുപടി നൽകാതിരുന്ന ഒന്നാം എതിർകക്ഷിയുടെ നടപടി വിവരാവകാശ നിയമം വകുപ്പ് 7(1) ന്റെ ലംഘനവും ഗുരുതരമായ വീഴ്ചയുമായി കമ്മീഷൻ വിലയിരു ത്തുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിതകാലയളവിലെ എസ്.പി.ഐ.ഒ ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക്എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിക്കുന്നില്ലെങ്കിൽ ടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ മേൽ വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

5. വിവരാവകാശ നിയമം വകുപ്പ് 19(1) പ്രകാരം സമർപ്പിച്ച ഒന്നാം അപ്പീൽ യഥാവിധി നടപടി സ്വീകരിക്കാതെ അപ്പീൽ ലഭ്യമായ ഉടൻ ഒന്നാം എതിർകക്ഷിയുടെ റിപ്പോർട്ട് വാങ്ങി അപ്പീൽ ഹർജിക്കാരന് അയച്ചു നൽകിയ അപ്പീൽ അധികാരിയുടെ നടപടി തികച്ചും നിരുത്തരവാദപരമായ വീഴ്ചയായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ച വരു ത്തിയത് സംബന്ധിച്ച അപ്പീൽ അധികാരിയുടെ വിശദീകരണം ഈ ഉത്തരവ് കിട്ടി 15 ദിവ സത്തിനുള്ളിൽ ലഭ്യമാക്കേണ്ടതാണ്.

6. അപ്പീൽഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് വിവരം ലഭ്യമാകാത്ത സാഹചര്യത്തിൽ ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ ടിയാൻ ആവശ്യ പ്പെട്ട വിവരം/പകർപ്പ് സൗജന്യമായി രജിസ്റ്റേർഡ് തപാലിൽ അയച്ചു നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാ മൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

7. ഇപ്രകാരം ഈ അപ്പീൽഹർജി ഇന്നേദിവസം 2020 ജനുവരി 31–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION ✶ KERALA, THIRUVANANTHAPURAM ✶